# അലകൾ

ദ്വൈവാരിക

(കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ മുഖപത്രം)



**അലകളുടെ വരിസംഖ്യ പുതുക്കുക**

**അലകൾ തപാലിൽ ലഭിക്കാൻ 50 രൂപ മണിയോർഡറായി അയക്കുക**

*വിലാസം*

മാനേജർ, അലകൾ, ഗരുഡാ ബിൽഡിംഗ്സ്, ജി.പി.ഒ. ലെയിൻ, സ്റ്റാച്യൂ, തിരുവനന്തപുരം - 695 001



പുസ്തകം 3 ലക്കം 73 ❖ തിരുവനന്തപുരം ❖ 2010 ജൂൺ 1–15 www.alakal.net വില 2 രൂപ


# ഉൾനാടൻ ഫിഷറി ബിൽ തിരുത്തിയെഴുതുക

- **എല്ലാ മത്സ്യതൊഴിലാളികളെയും ബി.പി.എൽ.ലിസ്റ്റിൽ ഉൾപ്പെടുത്തുക**
- **മത്സ്യതൊഴിലാളികളുടെ ഭവന നിർമ്മാണത്തിന് തടസ്സമുണ്ടാകാത്തവിധം തീരദേശ നിയന്ത്രണ നിയമം നടപ്പാക്കുക.**
- **മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ ന്യായവിലയ്ക്ക് വിതരണം ചെയ്യുക.**
- **കടലാക്രമണത്തിന് വിധേയരായ മത്സ്യതൊഴിലാളി കുടുംബങ്ങളെ പുനഃരധിവസിപ്പിക്കുക.**

സംസ്ഥാനത്തെ ഉൾനാടൻ മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനായി ഒരു നിയമം കൊണ്ടുവരുന്നതിനെ കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ സ്വാഗതം ചെയ്യുന്നു. എന്നാൽ ഇതിനുവേണ്ടി, സർക്കാർ പുറത്തുവിട്ടിരിക്കുന്ന 2010-ലെ ഉൾനാടൻ ഫിഷറി ബിൽ ഇപ്പോഴത്തെ രൂപത്തിൽ സ്വീകാര്യമാകുന്നില്ല.

**എന്തുകൊണ്ട് എതിർക്കുന്നു**

(i) ഉൾനാടൻ മത്സ്യമേഖലയുടെ സമഗ്രമായതും സ്ഥായിയായതുമായ വികസനം മുന്നിൽ കാണുന്ന ഒരു ഭരണനയത്തിന്റെ പിൻബലം ഈ ബില്ലിനില്ല.

(ii) തദ്ദേശഭരണ സ്ഥാപനങ്ങൾ, ഏജൻസികൾ, വിവിധവകുപ്പുകൾ, അതോറിട്ടികൾ മുതലായവയുടെ ഉടമസ്ഥതയിലുള്ള വിവിധതരം ജലാശയങ്ങളെ ഈ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത് ഉൾനാടൻ മത്സ്യമേഖലാ വികസന-പരിപാലന പദ്ധതികളുടെ പൂർണ്ണമായ നടത്തിപ്പിന് ഇത് ഗുണം ചെയ്യില്ല.

(iii) സംസ്ഥാനത്തെ ഉൾനാടൻ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി അവതരിപ്പിക്കപ്പെടേണ്ട ബില്ലിൽ ഈ മേഖലയിൽ പ്രവർത്തിയ്ക്കുന്ന മത്സ്യതൊഴിലാളികളെ പൂർണ്ണമായും വിസ്മരിച്ചിരിക്കുന്നു.

(iv) കായൽ കയ്യേറ്റം, ജലാശയങ്ങളുടെ നികത്തൽ, നെൽവയൽ നികത്തൽ, കണ്ടൽ നശീകരണം, നീർത്തട നശീകരണം, ജലാശയ പരിസ്ഥിതി തകർച്ച, അമിത മത്സ്യബന്ധനം, മത്സ്യസമ്പത്ത് തകർച്ച, മത്സ്യവംശനാശഭീഷണി തുടങ്ങിയ ഗുരുതരമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ബില്ലിലെ വ്യവസ്ഥകൾ അവ്യക്തമാണ്. ഇവയൊക്കെ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള നിയമങ്ങളും, സർക്കാർ കൊണ്ടുവരുന്നതിനുദ്ദേശിക്കുന്ന പ്രസ്തുത നിയമവും തമ്മിലുള്ള ബന്ധവും പൊരുത്തവും ബില്ലിൽ പ്രതിപാദിക്കുന്നില്ല.

(v) മത്സ്യതൊഴിലാളികളുടെ പരമ്പരാഗത അവകാശങ്ങൾ ബില്ലിന്റെ വ്യവസ്ഥകൾ സംരക്ഷിക്കുന്നില്ല. മത്സ്യതൊഴിലാളികൾക്ക് ജലാശയങ്ങളിന്മേലുള്ള മത്സ്യബന്ധനാവകാശമോ, മത്സ്യബന്ധന ഉപകരണങ്ങളിന്മേലുള്ള ഉടമസ്ഥാവകാശമോ ബിൽ അംഗീകരിയ്ക്കുന്നില്ല.

(vi) ഉൾനാടൻ മത്സ്യമാർക്കറ്റുകളെപ്പറ്റിയോ, മത്സ്യ-മത്സ്യോല്പാദന-വിപണന രീതികളെക്കുറിച്ചോ, ഗുണമേന്മാ നിയന്ത്രണത്തെക്കുറിച്ചോ ഒന്നും പറയുന്നില്ല.

(vii) സംസ്ഥാനത്തെ വിവിധ ഉൾനാടൻ ജലശേഖരങ്ങളുടെ ഉടമസ്ഥാവകാശവും നിയന്ത്രണാവകാശവും വിവിധ ഏജൻസികളുടെ കൈകളിലാണ്. ഇവയിലെ മത്സ്യബന്ധനാവകാശം മത്സ്യതൊഴിലാളികളിൽ നിക്ഷിപ്തമാക്കുന്ന ഒരു വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല.

(viii) ഉൾനാടൻ മത്സ്യമേഖലയുടെ പ്രശ്നങ്ങളും, സാദ്ധ്യതകളും പഠിക്കുന്നതിനായി പല വിദഗ്ദ്ധസമിതികളേയും സർക്കാർ നിയമിച്ചിരുന്നു. ഈ സമിതികളുടെ നിർദ്ദേശങ്ങളോ ശുപാർശകളോ ബിൽ പരിഗണിച്ചിട്ടില്ല.

## മത്സ്യതൊഴിലാളികൾ ആവശ്യപ്പെടുന്ന വ്യവസ്ഥകൾ

(i) ബില്ലിന്റെ പീഠിക സമൂലമായി പരിഷ്കരിക്കേണ്ടിയിരിക്കുന്നു. മത്സ്യതൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉപജീവന സുരക്ഷ, അവകാശ സംരക്ഷണം എന്നിവ ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു.

(ii) ബില്ലിന്റെ ചുരുക്കപ്പേര് കേരള ഉൾനാടൻ മത്സ്യമേഖലാനിയമം എന്നാക്കേണ്ടതാണ്.

(iii) മത്സ്യതൊഴിലാളി എന്ന പദത്തിന്റെ നിർവ്വചനം അപൂർണ്ണമായി ചേർത്തിരിക്കുന്നു. സംസ്ഥാനത്ത് നിലവിലുള്ള നിർവചനം അപ്പാടെ അംഗീകരിക്കേണ്ടതാണ്.

ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ സാങ്കേതികപദങ്ങളും നിർവ്വചിക്കേണ്ടതാണ്.

(iv) ഫിഷറീസ് മാനേജ്മെന്റ്, ഉൾനാടൻ മത്സ്യതൊഴിലാളികളുടെ അവകാശങ്ങൾ എന്നിവയ്ക്ക് പുതിയ അദ്ധ്യായങ്ങൾ ബില്ലിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഫിഷറീസ് മാനേജ്മെന്റിന് വിപുലമായ മാനങ്ങളുണ്ട്. മത്സ്യതൊഴിലാളികളുടെ സാമൂഹ്യ- സാമ്പത്തിക ഉന്നമനം, ഉപജീവന സംരക്ഷണം, ഉൾനാടൻ മത്സ്യമേഖലാ സ്ത്രീകളുടെ ഉന്നമനം, മത്സ്യഉപഭോക്താക്കളുടെ താല്പര്യ സംരക്ഷണം, മത്സ്യവിപണന പ്രവർത്തനങ്ങൾ, മത്സ്യഗുണമേന്മാ നിയന്ത്രണം എന്നിവ ഉൾപ്പെടുത്തി ഫിഷറീസ് മാനേജ്മെന്റ് വ്യവസ്ഥകൾ വിപുലപ്പെടുത്തേണ്ടിയിരിക്കുന്നു. സംസ്ഥാനത്തെ ഫിഷറീസ് മാനേജ്മെന്റിൽ മത്സ്യതൊഴിലാളികളെ പങ്കാളികളാക്കുന്ന വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തേണ്ടതാണ്.

(v) നിർദ്ദിഷ്ട ഉൾനാടൻ മത്സ്യമേഖലാ നിയമം മൂലം മത്സ്യതൊഴിലാളികൾ ആഗ്രഹിക്കുന്നത് അവരുടെ അവകാശസംരക്ഷണമാണ്. ഉൾനാടൻ മത്സ്യതൊഴിലാളികളുടെ അവകാശങ്ങൾ എന്ന നിർദ്ദിഷ്ട അദ്ധ്യായത്തിൽ താഴെ പ്പറയുന്നവ ഉൾപ്പെടുത്തേണ്ടതാണ്.

- ഉൾനാടൻ മത്സ്യതൊഴിലാളികളുടെ പരമ്പരാഗത അവകാശങ്ങൾ സംരക്ഷിക്കുന്നതാണ്.
- ചെമ്മീൻകെട്ട്, പൊക്കാളി/കോൾ/കൃഷി പ്രദേശങ്ങൾ എന്നിവയിൽ മത്സ്യതൊഴിലാളികൾക്ക് നിലവിലുള്ള മത്സ്യബന്ധനാവകാശത്തിന് നിയമപ്രാബല്യമുണ്ടായിരിക്കും.
- ഉൾനാടൻ മത്സ്യമേഖലയിൽ നിലവിലുള്ള മത്സ്യബന്ധന ഉപകരണങ്ങളുടെ (ഊന്നിവല, ചീനവല ഉൾപ്പെടെ) ഉടമസ്ഥാവകാശം പൂർണ്ണമായും മത്സ്യതൊഴിലാളികളിൽ നിക്ഷിപ്തമാക്കുന്നതാണ്.
- മത്സ്യതൊഴിലാളികൾ നിലവിൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന പ്രദേശങ്ങൾ മത്സ്യകൃഷി പ്രദേശങ്ങളായി പ്രഖ്യാപിക്കുന്നതല്ല.
- മത്സ്യബന്ധന ജലാശയങ്ങളുടെ ഇതര ഉപയോഗങ്ങൾ (കായൽ ടൂറിസം, ഡ്രഡ്ജിംഗ്, ചരക്കുഗതാഗതം, മാലിന്യ വിസർജ്ജനം) എന്നിവയ്ക്ക് കർശനമായ നിയന്ത്രണ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്.
- സംസ്ഥാനത്തെ വിവിധ ഏജൻസികളുടെ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള എല്ലാ ജലാശയങ്ങളിലേയും ജലശേഖരങ്ങളിലേയും മത്സ്യബന്ധന അവകാശം മത്സ്യതൊഴിലാളികൾക്ക് മാത്രമായിരിക്കുമെന്ന വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്.

(vi) തദ്ദേശഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ ഏജൻസികൾ എന്നിവയുടെ നിയന്ത്രണത്തിലുള്ള ജലാശയങ്ങൾക്കും ഈ ബില്ലിലെ വ്യവസ്ഥകൾ ബാധകമാക്കാവുന്നതാണ്. എന്നാൽ വ്യവസ്ഥകൾ നടപ്പിലാക്കാനുള്ള അവകാശം അതാതു സ്ഥാപനങ്ങൾക്കോ ഏജൻസികൾക്കോ നല്കുന്നതാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്.

(vii) ഉൾനാടൻ മത്സ്യമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സമാന നിയമങ്ങൾ നിലവിലുണ്ട്. അത്തരം നിയമങ്ങളുടെ നടത്തിപ്പും ഈ നിയമത്തിന്റെ നടത്തിപ്പും തമ്മിലുള്ള ബന്ധവും പൊരുത്തപ്പെടുത്തലുകളും വ്യക്തമായി ബില്ലിൽ പ്രതിപാദിക്കേണ്ടതാണ്.

(viii) മത്സ്യവിത്ത് കമ്മിറ്റി രൂപീകരിക്കുമെന്ന വ്യവസ്ഥ ഒഴിവാക്കേണ്ടതാണ്. സംസ്ഥാനത്ത് നിലവിലുള്ള മത്സ്യകർഷക വികസന ഏജൻസികളെയോ അഡാക്കിനേയോ ശക്തിപ്പെടുത്തി സെക്ഷൻ 31 നടപ്പിലാക്കാവുന്നതാണ്.

(ix) ബില്ലിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് സഹായകരമായ ഭരണസംവിധാനം നിലവിലില്ല. ഈ സംവിധാനം ശക്തിപ്പെടുത്തുന്ന വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തേണ്ടതാണ്.

(x) അദ്ധ്യായം iv പൂർണ്ണമായും മാറ്റി എഴുതേണ്ടതാണ്. അറസ്റ്റ്, തടവ് എന്നിവ പ്രായോഗികമല്ല. കുറ്റത്തിന് ആനുപാതികമായ ശിക്ഷ വിധിക്കുന്നതിനായുള്ള വ്യവസ്ഥകളും അധികാരക്രമങ്ങളും ബില്ലിൽ ഉൾപ്പെടുത്തേണ്ടതാണ്.

മത്സ്യതൊഴിലാളികളുടെ ആഗ്രഹങ്ങളോ അഭിലാഷങ്ങളോ വേണ്ടവിധം ഈ ബിൽ പരിഗണിച്ചിട്ടില്ല. മത്സ്യതൊഴിലാളി സൗഹൃദവ്യവസ്ഥകൾ ഉൾപ്പെടുത്തി, ബില്ലിൽ സമൂലമാറ്റങ്ങൾ വരുത്തുന്നതിന് സബ്ജക്ട് കമ്മിറ്റി നടപടികൾ കൈക്കൊള്ളേണ്ടതാണ്.

Printed and Published for Thiruvananthapuram District Fishermen's Union (Reg. No. 93/80) at Caxton Press, Vettucaud, Thiruvananthapuram, Ph: 2500685
Editor : T. Peter, Phone : 0471-3012196, Mobile : 9447429243, E-mail: admin@alakal.net, peter.ksmtf@gmail.com